പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 87**

**26.09.2016 ൽ മറുപടിക്ക്**

## പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

| ചോദ്യം<br>**ശ്രീ. മോൻസ് ജോസഫ്** | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| **എ)** സംസ്ഥാന പോലീസ് സേനയിലേക്കുള്ള കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; ഇതിന്റെ കാലാവധി എന്ന് അവസാനിക്കും; | **എ)** നിലവിലുണ്ട്. ഇതിൽ പുരുഷവിഭാഗത്തിന്റെ ലിസ്റ്റ് 21.06.2016-നും വനിതാ വിഭാഗത്തിന്റേത് 07.06.2016-നും പ്രാബല്യത്തിൽ വന്നു. സാധാരണഗതിയിൽ ഒരു വർഷമാണ് ലിസ്റ്റിന്റെ കാലാവധി. |
| **ബി)** നിയമിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കും ഇനിയുള്ള ഒഴിവുകളും അറിയിക്കാമോ; | **ബി)** നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും താഴെ പറയും പ്രകാരം ബറ്റാലിയൻ/ ജില്ലകളിലേക്ക് നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്.<br>എംഎസ്.പി (കോഴിക്കോട്, മലപ്പുറം - 246<br>കെ.എ.പി 1 (എറണാകുളം) - 175<br>കെ.എ.പി 2 (പാലക്കാട്, തൃശ്ശൂർ) - 405<br>കെ.എ.പി 3 (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) - 333<br>കെ.എ.പി 4 (കണ്ണൂർ, വയനാട്, കാസർഗോഡ്) - 161 |
| **സി)** ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ എത്ര ദിവസത്തിനകം ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യും എന്നറിയിക്കാമോ? | **സി)** പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 2016 ജനുവരി മാസം മുതൽ ഡിസംബർ 31 വരെ നിലവിലുണ്ടാകാൻ സാധ്യതയുള്ള 1416 ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 2017-ൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**